# വിദ്യാലയവിവരം

സ്കൂളിന്റെ പേര് : എ.ജെ.ബി.എസ് കോട്ടപ്പാടം
സ്ഥാപിത വർഷം : 1949
സ്കൂൾ കോഡ് : 20531
യു ഡൈസ് കോഡ് : 32061300506
വിദ്യാഭ്യാസ ഉപജില്ല : തൃത്താല
വിദ്യാഭ്യാസ ജില്ല : ഒറ്റപ്പാലം
റവന്യൂജില്ല : പാലക്കാട്
സി.ആർ.സി : ആലൂർ
ബി.ആർ.സി : തൃത്താല
ഗ്രാമപഞ്ചായത്ത് : പട്ടിത്തറ
വാർഡ്നമ്പർ : 2
ബ്ലോക്ക് പഞ്ചായത്ത് : തൃത്താല
നിയമസഭാ മണ്ഡലം : പൊന്നാനി
വില്ലേജ് : പട്ടിത്തറ
താലൂക്ക് : പട്ടാമ്പി
ഇമെയിൽ : ajbskottappadam@gmail.com

## ആമുഖം

പാലക്കാട് ജില്ലയിലെ തൃത്താല ഉപജില്ലയിൽ പട്ടിത്തറ ഗ്രാമപഞ്ചായത്ത് 2-ാം വാർഡിൽ തലക്കശ്ശേരി എന്ന പ്രദേശത്താണ് കോട്ടപ്പാടം എയ്ഡഡ് ജൂനിയർ ബേസിക് സ്കൂൾ സ്ഥിതി ചെയ്യുന്നത്.

വിദ്യാലയത്തിന്റെ ആരംഭം കോട്ടപ്പാടം എന്ന സ്ഥലത്തായിരുന്നു. അതിനാൽ 'കോട്ടപ്പാടം' സ്കൂൾ എന്ന പേരിൽ ഈ വിദ്യാലയം ഇന്നും അറിയപ്പെടുന്നു. റോഡിന്റെ തിരക്കുകളിൽനിന്നും ഒഴിഞ്ഞ് തികച്ചും ശാന്തവും കുട്ടികളുടെ മാനസിക ഉല്ലാസത്തിന് ചേർന്നതുമായ അന്തരീക്ഷത്തിലാണ് സ്കൂൾ സ്ഥിതിചെയ്യുന്നത്. 16. 1. 1949ലാണ് ഈ വിദ്യാലയം സ്ഥാപിതമായത്. ആദ്യ ഹെഡ്മാസ്റ്ററായ ശ്രീ. കെ അച്ചുതമേനോൻ ആയിരുന്നു ആദ്യത്തെ മാനേജർ. വി. വി. ശാരദ, ശ്രീ. ഇ. വി മൊയ്തീൻ, ശ്രീ. കെ. വി. ഹംസ, ശ്രീ. സി. കെ. ഗോപിനാഥൻ ശ്രീ. പെരിഞ്ചിരി അബൂബക്കർ എന്നിവരായിരുന്നു. കൈമാറ്റം ചെയ്ത് വന്ന മറ്റു മാനേജർമാർ. ശ്രീ പെരിഞ്ചിരി അബൂബക്കറിന്റെ വിയോഗത്തിന് ശേഷം മാനേജർ സ്ഥാനം ഒഴിഞ്ഞ് കിടക്കുകയാണ്. അച്ചുതമേനോൻ മാസ്റ്റർക്കുശേഷം, എ. വി. രാധാകൃഷ്ണമേനോൻ മാസ്റ്റർ, ശ്രീ പി നാരായണൻ കുട്ടി മാസ്റ്റർ, ശ്രീമതി കെ. വി പ്രേമലതക്കുട്ടി ടീച്ചർ, ശ്രീമതി. കെ. ഉഷ, എന്നിവർ ഇവിടുത്തെ പ്രധാനാധ്യാപകരായിരുന്നു. 2024ൽ കെ. ഉഷടീച്ചറുടെ വിരമിക്കലിന് ശേഷം 1-6-2024ൽ ശ്രീമതി എം. വി. ബേബി പാർവ്വതി ടീച്ചർ പ്രധാനാധ്യാപികയായി ചുമതലയേറ്റു.

സ്ഥിരമായി മാനേജർ ഇല്ലാതിരുന്നിട്ടും ഈ വിദ്യാലയത്തിന് ശക്തമായി മുന്നോട്ട് നയിക്കുന്നതിന് ഇവിടുത്തെ പിടിഎയുടേയും നാട്ടുകാരുടേയും അധ്യാപകരുടേയും പൂർണ്ണ സഹകരണം HM ന് നൽകി വരുന്നു.

ഒന്നു മുതൽ നാലുവരെയുള്ള ക്ലാസുകളിൽ ഈരണ്ട് ഡിവിഷനുകളാണ് ഉള്ളത്. അറബിക് അധ്യാപകനടക്കം

8 അധ്യാപകരാണിവിടെ ജോലി ചെയ്യുന്നത്. സ്കൂളിന് മാനേജർ ഇല്ലാത്തതുകൊണ്ട് 2024-ൽ റിട്ടയർ ചെയ്ത അധ്യാപികയുടെ ഒഴിവിലേക്ക് പുതിയ ആളെ നിയമിച്ചിട്ടില്ല. സ്കൂൾ ഇന്ന് നേരിടുന്ന പ്രധാന വെല്ലുവിളികളും ഇതു തന്നെയാണ്.

<u>പൊതുലക്ഷ്യങ്ങൾ</u>

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പു വരുത്തും.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തമാക്കും.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പ് വരുത്തും.
- ഓരോ ഘട്ടത്തിലും കുട്ടികളുടെ പഠനനിലവാരം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
- വിദ്യാലയം ലഹരിക്ക് വിമുക്തമാക്കുക.
- കുട്ടികളിൽ സാമൂഹികഗുണങ്ങൾ ആത്മവിശ്വാസം, അച്ചടക്കം, ആശയ വിനിമയശേഷി, സംസ്കാരം എന്നിവ വളർത്തിയെടുക്കുക
- സ്കോളർഷിപ്പ് പരീക്ഷ പരിശീലനം [LSS]
- പഠനയാത്രകൾ
- കലാ കായിക പ്രവൃത്തി പരിചയ പരിശീലനം
- ക്ലാസ് പിടിഎകൾ കാര്യക്ഷമമാക്കൽ

<u>മാതൃഭാഷാ ലക്ഷ്യങ്ങൾ</u>

- എല്ലാ കുട്ടികളും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം, ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ.
- എല്ലാ കുട്ടികളും ഓരോ ഘട്ടത്തിനു അനുയോജ്യമാം വിധം മികച്ച നിലയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്നുറപ്പാക്കുക.

- കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക.
- സർഗ്ഗാത്മക രചനക്കുള്ള അവസരം സൃഷ്ടിക്കുക.
- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കാനുള്ള കഴിവ് നേടുക,
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
- സ്കൂൾ ലൈബ്രറി ശാക്തീകരണം.

മേഖല - അക്കാദമികം
ഉപമേഖല - ഭാഷ

മേഖല - അക്കാദമികം (5)

ഉപമേഖല - ഭാഷ

| Sl No | ലക്ഷ്യം | പ്രവർത്തനം | Term | ഭൗതികം | പിന്തുണ ചുമതല | | |
|---|---|---|---|---|---|---|---|
| 1. | മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം | അക്ഷരം ഉറപ്പിക്കൽ<br>ചിഹ്നം ഉറപ്പിക്കൽ<br>വർക്ക്ഷീറ്റ്: യോജിച്ച അക്ഷരങ്ങളും ചിഹ്നങ്ങളും തെരഞ്ഞെടുത്ത് എഴുതാം.<br>വായനാകാർഡ്: വിവിധ നിലവാരക്കാർക്ക് അനുസരിച്ച് | 6 months<br>June to October | പുസ്തകങ്ങൾ<br>കമ്പ്യൂട്ടർ | അധ്യാപകർ | 500 | |
| 2. | കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക. | • വിദ്യാരംഭം<br>• കഥ തുടരും കഥ കേട്ട് ചിത്രകഥയുണ്ടാക്കുന്ന<br>• വായനക്കുറിപ്പ്<br>• ആസ്വാദന കുറിപ്പ്<br>• ഗ്രന്ഥശാല സന്ദർശനം<br>• വായനാനുഭവം പങ്കുവെക്കൽ | 6 Months | പുസ്തകങ്ങൾ | അധ്യാപകർ | | |

| | | | | | | |
|---|---|---|---|---|---|---|
| 3 | മികച്ച രീതിയിൽ ആശയ വിനിമയം നടത്താനുള്ള ശേഷി നേടുന്നു. | ബാലസഭ- അസംബ്ലിയിൽ വിവിധ വിഷയങ്ങളെക്കുറിച്ച് സംസാരിക്കാൻ അവസരം | | | അധ്യാപകർ | |
| 4 | സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം | പാഠഭാഗത്ത് നിന്നുള്ള വസ്തുനിഷ്ഠ ചോദ്യങ്ങൾ കണ്ടെത്തി എഴുതുന്നു. | Aug. to feb | ~~OMR Sheet~~ OMR Sheet | അധ്യാപകർ | 500 |

മേഖല- അക്കാദമികം

ഉപമേഖല- ഭാഷ ENGLISH

| | Programme | Activity | Term | Requirements | Support | Fund. |
|---|---|---|---|---|---|---|
| | To encourage active listening and Speaking skills | Creats on english atmosphere. Speaks Simple english Sentences frequently. Uses Simple questions Prepare Story Cards and short Videos of its reading. Share items in What Sapp group | June to March | | Teacher. | |
| 2 | Create a fearless ~~Spere~~ atmospre | • Games in English<br>• Computes Oriented English classes<br>• Library with English Stories<br>• Day Celebration<br>• Riddles. | June to March | | Teacher. | |
| 1. | | | | | | |

| | | | | | |
|---|---|---|---|---|---|
| English fest ⑦ | Reading Competition<br>Skit, Roleplay<br>Action Song, Speach | February | | All staff | |

മേഖല - അക്കാദമികം
ഉപമേഖല - ഗണിതം.

ലക്ഷ്യങ്ങൾ:

× കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ
× ഗണിത ചിന്താശേഷി വളർത്തൽ
× ഓരോ ക്ലാസിലും നേടേണ്ട അടിസ്ഥാന ശേഷികൾ നേടി എന്ന് ഉറപ്പുവരുത്തുക.
× ഗണിത പഠനത്തിൽ ICT സാധ്യതകൾ പ്രയോജനപ്പെടുത്തുക.
× ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാനുള്ള പ്രവർത്തനങ്ങൾ.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളികളും നിർമ്മാണപ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ. | × ഗണിത മാഗസിൻ<br>× ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം | June to March | അധ്യാപകർ | |
| | × ഏകദിന ക്യാമ്പ്<br>× ഗണിത ക്യാമ്പ് | സെപ്തംബർ | അധ്യാപകർ | 1000 |
| | × ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | ഒരു ടേമിൽ ഒന്ന്. | ~~SRG~~ SRG | |
| ഗണിതചിന്താശേഷി വളർത്തൽ | "ഒരു ദിനം ഒരു ചോദ്യം'<br>കുസൃതി കണക്കുകളും ഗണിതപസിലുകളും പരിചയപ്പെടൽ. | ജൂൺ മുതൽ ജനുവരി | അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല: രസകരമായി ഗണിതപഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ ആസ്വാദനവും<br>ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ<br>പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG PTA | |

## പരിസരപഠനം

ലക്ഷ്യങ്ങൾ :

- x ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക.
- x പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും
- x ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്
- x സാമൂഹിക മാനുഷിക മൂല്യങ്ങൾ ഉൾക്കൊള്ളുന്ന വ്യക്തിയായി വളരാൻ സഹായിക്കുക.
- x നാടറിയൽ, നാട്ടറിവുകൾ
- x ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ, അന്വേഷണത്വര വളർത്തൽ .

| Sl No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക. | വാനനിരീക്ഷണകേന്ദ്രം- സയൻസ്പാർക്ക്, സന്ദർശനം | ഡിസംബർ | HM SRG | PTA അധ്യാപകർ |
| 2. | പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | ചുറ്റുവട്ടത്തൊരു പുഷ്പോദ്യാനം, ഔഷധത്തോട്ടം | ജൂൺ ജൂലൈ ആഗസ്റ്റ് | SRG | |

| | | | | |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ബോധവത്കരണം, പോസ്റ്റർ, ശുചിത്വസർവ്വേ | (4) ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ | |
| സാമൂഹിക മാനുഷിക മൂല്യങ്ങൾ ഉൾക്കൊള്ളുന്ന വ്യക്തിയായി വളരാൻ | മഹാന്മാരെ കുറിച്ചുള്ള അറിവുകൾ ശേഖരിക്കൽ | ജൂലൈ മുതൽ ജനുവരി | ക്ലാസ് ടീച്ചർ | |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം, കൃഷിയിടത്തിലേക്ക് ഫീൽഡ് ട്രിപ്പ്. | ജനുവരി | HM Staff | |
| ശാസ്ത്രപരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്രപ്രതിഭകളെ അടുത്തറിയാം, ശാസ്ത്രമേള | ജൂൺ മുതൽ ഫെബ്രുവരി | അധ്യാപിക | |

മേഖല - അക്കാദമികം

ഉപമേഖല - അറബിക്

ലക്ഷ്യങ്ങൾ: അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തുരീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്.

* ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ് വായന, പദനിർമ്മാണം
* ഉച്ചാരവാക്കുകൾ മനസ്സിലാക്കുന്നു.
* മാഗസിൻ നിർമ്മാണം
* ദിനാചരണങ്ങൾ

| | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | |
|---|---|---|---|---|---|
| 1. | അക്ഷരവായന | അക്ഷരകാർഡുകൾ നൽകുന്നു. | ജൂൺ, ജൂലൈ ആഗസ്റ്റ് | അധ്യാപകർ | |
| 2 | എഴുത്തുരീതി | അക്ഷരങ്ങൾക്ക് നിറം നൽകൽ | ജൂലൈ ആഗസ്റ്റ് | | |

| | | | | | | |
|---|---|---|---|---|---|---|
| 3 | ചിഹ്നങ്ങൾ ചേർത്തുള്ള വായന | ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു. | ജൂൺ മുതൽ | ടീച്ചർ | | |
| 4 | പദനിർമ്മാണം, പദശേഖരണം | ICT പ്രയോജനപ്പെടുത്തുന്നു. അക്ഷര കാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കുന്നു. | ആഗസ്റ്റ് സെപ്തംബർ | ടീച്ചർ | | |
| 5 | ഉപചാരവാക്യങ്ങൾ മനസ്സിലാക്കുന്നു. | പാഠപുസ്തകത്തിലെ വാക്യങ്ങൾ മനസ്സിലാക്കുന്നു. | ആഗസ്റ്റ് സെപ്തംബർ ഒക്ടോബർ | ടീച്ചർ | | |
| 6 | മാഗസിൻ നിർമ്മാണം | കുട്ടികളുടെ സർഗാത്മക രചനകൾ ഉൾപ്പെടുത്തി തയ്യാറാക്കുന്നു. | ജനുവരി | SRG | | |
| 7. | ദിനാചരണങ്ങൾ | ദിനാചരണത്തിന്റെ ഭാഗമായി അറബിയിലൂടെ ഉള്ള [illegible] കാർഡുകൾ നിർമ്മിച്ച് ചെറിയ വിവരങ്ങൾ നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ടീച്ചർ | | |

## ആരോഗ്യം, ശുചിത്വം, തുല്യത, ലിംഗനീതി ലക്ഷ്യം :-

× ആരോഗ്യമുള്ള ജനതയെ വാർത്തെടുക്കുന്നതിന്,
× ആരോഗ്യമുള്ള ശരീരം ഉണ്ടാകുന്നതിന് അനിവാര്യം.
× ഫാസ്റ്റ് ഫുഡിന്റെ ദോഷങ്ങളെ കുറിച്ച് അറിയുന്നതിന്,

പ്രവർത്തനങ്ങൾ :

× ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്തങ്ങളായ പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ.
× കടകളിൽനിന്ന് വാങ്ങുന്നതും വീട്ടിൽ ഉണ്ടാക്കുന്നതുമായ വിവിധ ഫാസ്റ്റ് ഫുഡുകൾ പരിചയപ്പെടുന്നു.
ഓരോന്നിലും ചേർക്കുന്ന വസ്തുക്കളെ കുറിച്ച് മനസ്സിലാക്കി അവ താരതമ്യം ചെയ്ത് നിഗമനത്തിലെത്തുന്നു.
× നല്ല ആരോഗ്യശീലങ്ങളെ കുറിച്ച് ക്ലാസ് നടത്തുന്നു.

## സങ്കലിത വിദ്യാഭ്യാസം

ഭിന്നശേഷിയുള്ള കുട്ടികളോട് സമൂഹവും സഹപാഠികളും സൗഹാർദപരമായ നിലപാടുകളാണ് ഇന്ന് സ്വീകരിച്ചുവരുന്നത്. എങ്കിലും അവർക്കായി ഇനിയും നാം മുന്നേറേണ്ടതുണ്ട്. ഭിന്നശേഷിക്കാരുടെ ആത്മവിശ്വാസവും ആത്മാഭിമാനവും വളർത്തുന്ന പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ വളരെ ഗൗരവത്തോടെ നടത്തേണ്ടതുണ്ട്. എല്ലാവരും ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഭിന്നശേഷിയുള്ളവരാണ് എന്ന തത്വം അംഗീകരിക്കുമ്പോൾ എല്ലാവർക്കും ഒരേ അളവിൽ അവസരങ്ങളും അനുഭവങ്ങളും ലഭിക്കാൻ അർഹതയുണ്ട്.

ലക്ഷ്യം :

× ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാരീരികവും മാനസികവും അക്കാദമികവുമായ പ്രശ്നങ്ങൾ കണ്ടെത്തുവാനും അവ മറികടന്ന് വേണ്ട രീതിയിൽ മുൻപിൽ എത്തിക്കുവാനും കഴിയും.

❀ വേണ്ട പഠനോപകരണവും ഇരിപ്പിടവും ഉറപ്പാക്കൽ.

❀ സ്കൂൾ മേളകളിലും വാർഷികങ്ങളിലും അവരുടെ പങ്കാളിത്തം ഉറപ്പാക്കൽ

❀ റിസോഴ്സ് അധ്യാപകരുടെ സേവനം ഉറപ്പാക്കൽ.

## പ്രവർത്തനങ്ങൾ

❀ ആഴ്ചയിൽ രണ്ട് ദിവസമെങ്കിലും IEDC ചാർജുള്ള അധ്യാപിക സ്കൂളിൽ വന്ന് ക്ലാസ് ടീച്ചറുമായി ചർച്ച ചെയ്ത് വേണ്ടകാര്യങ്ങൾ നടത്തുന്നു.

❀ അവന്റെ താൽപര്യമുള്ള മേഖല തിരിച്ചറിഞ്ഞ് അവ പോഷിപ്പിക്കുന്നതിന് രക്ഷിതാവുമായി സംസാരിച്ച് BRCയുടെ സഹകരണത്തോടെ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

❀ കുട്ടിയുടെ ശാരീരിക ബുദ്ധിമുട്ടുകൾക്കനുസൃതമായി ക്ലാസ് സൗകര്യം ക്രമപ്പെടുത്തുന്നു.

❀ സ്കൂളിലെ വിവിധ പരിപാടികളിൽ അവസരം നൽകി അവരുടെ സർഗ്ഗവാസനകൾ പ്രകടിപ്പിക്കുന്നതിനുള്ള ആത്മവിശ്വാസവും അംഗീകാരവും നേടിക്കൊടുക്കുന്നു.

## മോണിറ്ററിംഗ്

സ്കൂൾ വികസനപദ്ധതി സമഗ്രമായി പരിശോധിക്കുകയും പ്രവർത്തനങ്ങൾ മുൻഗണനാക്രമത്തിൽ രേഖപ്പെടുത്തിയത് ശരിയാണോ എന്ന് സ്കൂൾതല സമിതി വിലയിരുത്തുകയും വേണം. പ്രവർത്തനങ്ങൾ യഥാസമയം നടപ്പിൽ വരുന്നു എന്ന് എ.ഇ.ഒ, എച്ച്.എം, പി.ടി.എ എന്നിവരുടെ ആത്മാർത്ഥമായ മോണിറ്ററിംഗും ആവശ്യമാണ്. ഈ സ്കൂളിനെ മികവുറ്റതാക്കും.

## ഉപസംഹാരം

എല്ലാ കുട്ടികൾക്കും സമഗ്രഗുണമേന്മ വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യം മുന്നിൽകണ്ടുകൊണ്ട് തയ്യാറാക്കിയ പ്രവർത്തനങ്ങളാണ് ഇതിൽ പ്രതിപാദിച്ചിട്ടുള്ളത്. പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് അധ്യാപകർക്ക് ചുമതലകൾ വിഭജിച്ച് നൽകിയിട്ടുണ്ട്. ഈ കർമ്മപദ്ധതിയുടെ ലക്ഷ്യപ്രാപ്തിക്കായി രക്ഷിതാക്കൾ, നാട്ടുകാർ, പൂർവ്വവിദ്യാർത്ഥികൾ എന്നിവരുടെ സഹായം പ്രതീക്ഷിച്ചുകൊണ്ട് ഈ മാസ്റ്റർപ്ലാൻ പൊതുസമൂഹത്തിന് മുൻപിൽ സമർപ്പിക്കുന്നു.